**A** **902**

# സമഗ്ര ശിക്ഷാ, കേരളം

# വാർഷിക മൂല്യനിർണയം 2022-23

## മലയാളം

## കേരളപാഠാവലി

ക്ലാസ് : 9 സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- ആദ്യ പതിനഞ്ചു മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം.**

**(4 x 1= 4)**

1. "ആഴംപൂണ്ടീടുന്നോരാമോദം തന്നാലേ
പൂഴിയിൽവീണു പുരണ്ടാൻ ചെമ്മേ "
(അമ്പാടിയിലേക്ക്)

അക്രൂരന്റെ ഈ പ്രവൃത്തിയിൽ നിഴലിക്കുന്ന ഭാവം എന്ത്?

- അസൂയ
- കാരുണ്യം
- ഭക്തി
- അഹങ്കാരം

2. "ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തെപ്പറ്റിയാണ് ഞാൻ പറയാൻ പോകുന്നത്."
'സ്വാതന്ത്ര്യസമരം' എന്ന പദത്തിന്റെ ശരിയായ വിഗ്രഹരൂപം ഏത്?

- സ്വാതന്ത്ര്യവും സമരവും
- സ്വാതന്ത്ര്യത്തിനായുള്ള സമരം
- സ്വാതന്ത്ര്യത്തോടുള്ള സമരം
- സ്വാതന്ത്ര്യം എന്ന സമരം

3. ചുവടെ നൽകിയവയിൽ ശരിയായി പിരിച്ചെഴുതിയത് ഏത്?

- ഒന്നറിഞ്ഞു - ഒന്ന, അറിഞ്ഞു
- ഒരവസ്ഥ - ഒരു, അവസ്ഥ
- ദുഃഖത്തോടെ - ദുഃഖം, തോടെ
- മൂകനായി - മൂക, ആയി

4. " മരന്ദംതുളുമ്പുന്ന മലരിൻ ചുറ്റുംകൂടി
മുരളും തേനീച്ചകൾ പറന്നുകളിക്കവേ" (സൗന്ദര്യലഹരി)

അടിവരയിട്ട പദത്തിന്റെ അർഥം എഴുതുക.

- വണ്ട്
- തേന്മാവ്
- പാൽ
- പൂന്തേൻ

5. " നാടുവാഴി തെളിഞ്ഞാലേ ഞാൻ തെളിയൂ!
നാടുവാഴീരുന്നാലേ ഞാനിരിക്കൂ! "

(മതിലേരിക്കന്നി)

'ഞാൻ തെളിയൂ' എന്നതുകൊണ്ട് മതിലേരിക്കന്നി സൂചിപ്പിക്കുന്നത് എന്ത്?

- നാടുവാഴിയാകാനുള്ള ആഗ്രഹം
- സന്തോഷിക്കാൻ കഴിയുകയുള്ളൂ
- നാടുവാഴിയോടുള്ള പ്രതിഷേധം
- തെളിവില്ലാതെ ഞാനൊന്നും വിശ്വസിക്കില്ല.

**6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(2 x 2 = 4)**

6. "അക്രൂരമായൊരു മാനസം പൂണ്ടുള്ളൊ-
രക്രൂരനാകിന യാദവന്താൻ "

(അമ്പാടിയിലേക്ക്)

ഈ വരികളിലെ ഭാഷാപരമായ രണ്ടു സവിശേഷതകൾ എഴുതുക.

7. **അർഥവ്യത്യാസം വരാതെ രണ്ടു വാക്യമാക്കി മാറ്റുക.**
അയാൾക്ക് ഞാൻ എന്റെ വിലാസം കൊടുത്തിരുന്നെങ്കിലും അസാധാരണനായ ആ ടാക്സിഡ്രൈവറുടെ വിലാസം ഞാൻ വാങ്ങിയിരുന്നില്ല.

8. "പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം "

(പണ്ടത്തെപ്പാട്ടുകൾ)

ഈ വരികളിൽ തെളിയുന്ന പണ്ടത്തെപ്പാട്ടുകളുടെ പ്രത്യേകതകൾ എന്തെല്ലാം?

**9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(5 x 4 = 20)**

9. • "ഒരു ജീവിതം കരിയിലപോലെ പാറുന്നു."
• "അവർ അയാളെത്തന്നെ നോക്കി നിന്നു; തളയ്ക്കപ്പെട്ട മൃഗത്തിന്റെ വന്യമായ നോട്ടം."

(സാക്ഷി)

കഥാസന്ദർഭത്തിന് മിഴിവേകാൻ ഇത്തരം പ്രയോഗങ്ങൾക്ക് കഴിയുന്നുണ്ടോ? കഥയിലെ മറ്റു സന്ദർഭങ്ങൾകൂടി പരിഗണിച്ച് സ്വാഭിപ്രായം എഴുതുക.

10. "കാർവർണൻ തന്നുടെ കൺമുനയായൊരു
കാർവണ്ടു വന്നിങ്ങു മെല്ലെമെല്ലെ
ദീനനായ് നിന്നൊരു ഞാനായ പൂവിൽനി-
ന്നാനന്ദമാടിക്കളിക്കുമോ താൻ?"

(അമ്പാടിയിലേക്ക്)

അമ്പാടിയിലേക്ക് പുറപ്പെട്ട അക്രൂരന്റെ ചിന്തകൾ എന്തെല്ലാമായിരുന്നു?
മുകളിൽ നൽകിയ വരികളും പാഠഭാഗവും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

11. "അമ്മയ്ക്ക് എന്നെ ഓർമ്മയില്ലല്ലേ്ാ"- അയാൾ ചിരിക്കാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു.

"നിനക്ക് അമ്മയെ ഓർമ്മയുണ്ടോ ഗോപീ?" ജ്യേഷ്ഠത്തി ചോദിച്ചു.

(കീറിപ്പൊളിഞ്ഞ ചകലാസ്)

ഈ കഥാന്ത്യം വർത്തമാനകാല മനുഷ്യബന്ധങ്ങളെക്കുറിച്ച് നൽകുന്ന സൂചനകൾ എന്തെല്ലാം? പ്രതികരിക്കുക.

12. "തോളത്തു ഘനം തൂങ്ങും വണ്ടിതൻ തണ്ടും പേറി-
ക്കാളകൾ മന്ദം മന്ദമിഴഞ്ഞു നീങ്ങീടുമ്പോൾ
മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടി-
ട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ കൂനിക്കൂടി." (കാളകൾ)

വണ്ടിക്കാരന്റെയും കാളകളുടെയും ജീവിതദൈന്യം കവി ചിത്രീകരിച്ചിരിക്കുന്നത് എങ്ങനെ? വരികൾ വിശകലനം ചെയ്ത് നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

13. "അടവും തൊഴിലും പഠിപ്പിച്ചച്ഛൻ
പടനിലച്ചന്തം പഠിപ്പിച്ചച്ഛൻ
ആണായും പെണ്ണായും പോറ്റ്യെന്റച്ഛൻ
അച്ഛൻകനിവെന്നോടുണ്ടെങ്കില്
പടപൊയ്തു താപ്പൂട്ടി വന്നോളാലോ."

(മതിലേരിക്കന്നി)

പ്രതികൂലസാഹചര്യങ്ങളെ ധീരതയോടെ നേരിടുന്ന കഥാപാത്രമാണോ മതിലേരിക്കന്നി? കാവ്യഭാഗം വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

14. • "അമ്മയോട് എനിക്ക് തോന്നിയിട്ടുള്ള സ്നേഹവും ശ്രദ്ധയും ഭക്തിയും ഈ ജീവിതത്തിൽ വേറൊരാളുമായിട്ടും പങ്കുവയ്ക്കേണ്ടെന്നു ഞാൻ തീരുമാനിച്ചു."

• "എന്നാൽ അയാളുടെ ആത്മാർപ്പണം എനിക്ക് വിലപ്പെട്ടതായി തോന്നി."

(രണ്ട് ടാക്സിക്കാർ)

കർത്താർസിങ്ങിന്റെ എന്തെല്ലാം സവിശേഷതകളാണ് ലേഖകന്റെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നത്? സന്ദർഭവും പാഠഭാഗവും വിശകലനംചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(2 x 6 = 12)**

15. "മനസ്സിൽ നൈരാശ്യമെഴുന്നവന്നു
മധ്യാഹ്നവും പ്രത്യഹമർധരാത്രം;
ശുഭം പ്രതീക്ഷിപ്പവനേതു രാവും
സൂര്യാംശുദീപ്തം പകൽപോലെതന്നെ."

(വിശ്വം ദീപമയം)

ജീവിതത്തെ മുന്നോട്ടു നയിക്കുന്നത് മനുഷ്യന്റെ ശുഭാപ്തിവിശ്വാസമാണ്. കവിതയിലെ ആശയങ്ങൾകൂടി പരിഗണിച്ച് 'ശുഭാപ്തിവിശ്വാസവും ജീവിതവിജയവും' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

16. "സുരേന്ദ്രാ, മണ്ണും മരവും തമ്മിലുള്ള ബന്ധം നിനക്കറിഞ്ഞുകൂടാ. മരം വെട്ടിയാൽവേരുണങ്ങും, മണ്ണുണങ്ങും, കാറ്റത്തും മഴയത്തും പറന്നും ഒലിച്ചും പോകും. കുടിനീർ ചുരത്താത്ത കല്ലുകൾ തെളിഞ്ഞുവരും."

(തേൻവരിക്ക)

"എല്ലാവരുടെയും ആവശ്യത്തിനുള്ളത് പ്രകൃതിയിൽ തന്നെയുണ്ട്. എന്നാൽ ആരുടെയും അത്യാഗ്രഹം ശമിപ്പിക്കാനുള്ളതില്ല."

(ഗാന്ധിജി)

ഗാന്ധിജിയുടെ ഈ നിരീക്ഷണവും കഥയും വിശകലനം ചെയ്ത് 'തേൻവരിക്ക'യിലെ സുരേന്ദ്രൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

17. ആശയം, ചമൽക്കാരഭംഗി, സമകാലികപ്രസക്തി എന്നിവ പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

**തനിച്ചിരിക്കുമ്പോൾ**

തനിച്ചിരിക്കുമ്പോൾ
ഓർമ്മകൾ വെട്ടിത്തെളിച്ച വീഥി താണ്ടി
ഞാനൊരു യാത്രപോകും

യാത്രയിലുടനീളം
നഷ്ടപ്പെട്ടതെല്ലാം വീണ്ടും
ഓരോന്നായി കൂടെ കൂടും

എന്നോ കണ്ട ഇടങ്ങളും
മനസ്സിൽ മായാത്ത മൊഴികളും
മറക്കാനാവാത്ത ചില മനുഷ്യരും

യാത്രയുടെ അവസാനം ഞാൻ
മറവിയുടെ മഞ്ഞുമൂടിയ
താഴ്വാരങ്ങളിലെത്തിച്ചേരും

കടന്നകാലങ്ങളെ, പൊതിഞ്ഞ മഞ്ഞിൽ
മറഞ്ഞുപോയ സ്വപ്നങ്ങളെ
ഓരോന്നായി ഞാൻ ഓർത്തെടുക്കും

പിന്നെ, വീണ്ടും ഓർത്തെടുത്ത സ്വപ്നങ്ങളെ
യാഥാർഥ്യമാക്കാനായി ഞാൻ
തനിച്ചാണെന്ന ദുഃഖം മറന്നു തിരികെനടക്കും

(സേബ സലാം)